പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .25

10.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡ് വഴിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | മത്സ്യമേഖലയ്ക്കുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (സാധാ) 984/12/മതുവ തീയതി 20.11.2012).<br>മത്സ്യഫെഡ് വഴി മണ്ണെണ്ണ വിതരണം നടപ്പിലാക്കുന്നതിന് ജില്ലാടിസ്ഥാനത്തിൽ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് വേണ്ടി ചീഫ് സെക്രട്ടറി തലത്തിൽ 05.12.12-ന് ഒരു യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾക്ക് വിധേയമായി ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട മണ്ണെണ്ണ കരിഞ്ചന്തയിലേക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ആയത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | മത്സ്യമേഖലയ്ക്കുള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാപ്തിയുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നത് മൂലം കരിഞ്ചന്തയിൽ മണ്ണെണ്ണ എത്തുന്നത് തടയുവാൻ സാധിക്കുമെന്നതിനാൽ ആയതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ